# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അവണൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR(P-2)1802/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 06/12/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അവണൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അവണൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അവണൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR(P-2)1802/2022. തീയ്യതി: 06/12/2022

## തൃശ്ശൂർ ജില്ലയിലെ അവണൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അവണൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-10-2021 മുതൽ 14-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 04-10-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 14-10-2022 | 21-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-10-2022 | 21-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ബേബി പി വി,ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രവിദ പി എ.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ജീജോ ജോബ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രേഖ ഇ സി,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| തങ്കമണി ശങ്കുണ്ണി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ലളിത എ കെ | സെക്രട്ടറി-ഇന്‍-ചാര്‍ജ്ജ് | 01-04-2021 | 07-04-2021 |
| ജയന്‍ എം | സെക്രട്ടറി | 07-04-2021 | 21-12-2021 |
| വിനു എന്‍ പി | സെക്രട്ടറി-ഇന്‍-ചാര്‍ജ്ജ് | 21-12-2021 | 10-01-2022 |
| ജയന്‍ എം | സെക്രട്ടറി | 10-01-2022 | 31-03-2022 |

## നിര്‍വ്വഹണഉദ്യോഗസ്ഥര്‍

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതല്‍) | തീയതി (വരെ) |
|---|---|---|---|
| രേഷ്മ രാമകൃഷ്ണന്‍ | കൃഷി ഓഫീസര്‍ | 01-04-2021 | 10-10-2021 |
| ആദിത്യ മോഹന്‍ | കൃഷി ഓഫീസര്‍ | 11-10-2021 | 31-03-2022 |
| സുജ | അസി.എഞ്ചിനീയര്‍ | 01-04-2021 | 31-03-2022 |
| ഷീമ ഗംഗാധരന്‍ | മെഡിക്കല്‍ ഓഫീസര്‍, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| കൃപ വി എസ് | മെഡിക്കല്‍ ഓഫീസര്‍ ,ആയുര്‍വ്വേദം | 01-04-2021 | 31-03-2022 |
| ഡോ.രാജി രവീന്ദ്രന്‍ | വെറ്ററിനറി സര്‍ജ്ജന്‍ | 01-04-2021 | 31-03-2022 |
| മാലിനി സി പി | ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്, | 01-04-2021 | 08-12-2021 |
| ദാമോദരന്‍ പി എം | ഹെഡ്മാസ്റ്റര്‍, ജി.യു പി എസ് | 09-12-2021 | 29-12-2021 |
| ലീജ കെ എ | ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്, | 30-12-2021 | 06-01-2022 |
| ഷീല സി ഡി | ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്, | 07-01-2022 | 31-03-2022 |
| വിനു എന്‍ പി | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| നീര പി ജി | ഐ.സി.ഡി.എസ് സൂപ്പര്‍വൈസര്‍ | 01-04-2021 | 31-03-2022 |
| സീമ ആന്റണി | മെഡിക്കല്‍ ഓഫീസര്‍, ഹോമിയോ | 01-04-2021 | 31-03-2022 |
| ജോമോള്‍.സി.ബേബി | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റന്‍ഷന്‍ ഓഫീസര്‍ | 01-04-2021 | 03-02-2022 |
| ഷിബുകുമാര്‍ പി കെ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റന്‍ഷന്‍ ഓഫീസര്‍ | 04-02-2022 | 31-03-2022 |
| അനു കെ സജീവ് | വി ഇ ഒ അവണൂര്‍ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| അനു കെ സജീവ് | വി ഇ ഒ ചൂലിശ്ശേരി | 01-04-2021 | 04-10-2021 |
| രഞ്ജനി എ | വി ഇ ഒ ചൂലിശ്ശേരി | 05-10-2021 | 31-03-2022 |
| വിനീത് എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 06-07-2021 |
| ശ്രീനാഥ് സി യു | ഡയറി ഫാം ഇൻസ്ട്രക്ടർ | 07-07-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പുപദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 10 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിനൊപ്പം ലഭ്യമാക്കിയില്ല | 1-10-1 |
| 12 | വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല. | 1-10-2 |
| 13 | വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകങ്ങൾ | 1-10-3 |
| 14 | ലഭിച്ച മുൻകൂർ തുകയിലധികമായി ക്രമീകരിച്ചു | 1-10-4 |
| 15 | വസ്തുനികുതി, സർവീസ് സെസ് അഡ്വാൻസ് തുകകൾ ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചു | 1-10-5 |
| 16 | 280000000-Prior Period Item- അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല | 1-10-6 |
| 17 | നികുതി നികുതിയേതര കുടിശ്ശികകൾ - പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-10-7 |
| 18 | ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല | 1-10-8 |
| 19 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-9 |
| 20 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-10 |
| 21 | ക്ലോസിംഗ് സ്റ്റോക്കിന്റ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല | 1-10-11 |
| 22 | എം.എൻ ലക്ഷം വീട് അക്കൗണ്ടിലെ നീക്കിയിരിപ്പ് ബാധ്യതയായി ചേർത്തിട്ടില്ല. | 1-10-12 |
| 23 | പ്രത്യേക ഉദ്ദേശ്യത്തിനായുള്ള എൻഡോവ്മെന്റ് - ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. | 1-10-13 |
| 24 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല | 1-10-14 |
| 25 | റീകൺസിലിയേഷൻ പത്രികകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. | 1-10-15 |
| 26 | സാധുക്കളായ വിധവകളുടെപെൺമക്കൾക്ക് ധനസഹായം- ചെലവ് | 1-10-16 |

| | | |
|---|---|---|
| | വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | |
| 27 | രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. | 1-10-17 |
| 28 | എല്ലായിനങ്ങളുടെയും ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-10-18 |
| 29 | മാന്വൽ രസീത് പരിശോധനയിൽ കണ്ട അപാകതകൾ | 1-11 |
| 30 | ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ,കള്ളുഷാപ്പുകൾ, ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 31 | വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ പ്രവർത്തിപ്പിക്കുന്നതിന് മെഷീനറി റണ്ണിങ് ഫീസ് ഈടാക്കിയിട്ടില്ല | 1-13 |
| 32 | മണ്ണ് ലേലം - തീരുമാനം കൈക്കൊണ്ട് ഒന്നര വർഷം പിന്നിട്ടിട്ടും ലേലനടപടികൾ സ്വീകരിച്ചിട്ടില്ല. | 1-14 |
| 33 | ലേലം - വരവായി ലഭിച്ച തുക ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. | 1-15 |
| 34 | അനധികൃത കെട്ടിടങ്ങൾ കണ്ടെത്തിയിട്ടും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-16 |
| 35 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-17 |
| 36 | ഗ്രാമപഞ്ചായത്തിലെ മുഴുവൻ റോഡുകളും സഞ്ചയയിൽ ഉൾപ്പെടുന്നില്ല | 1-18 |
| 37 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം - ഇൻവോയ്സ് പ്രകാരമുള്ള തുകയിൽ അധികമായി അനുവദിച്ചു. | 1-19 |
| 38 | കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണസർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല | 1-20 |
| 39 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-21 |
| 40 | കെൽട്രോണിൽ നിന്നും സാമഗ്രികൾ ലഭ്യമായിട്ടില്ല | 1-22 |
| 41 | മാർഗരേഖയിൽ നിന്നും വ്യതിചലിച്ച് പ്രൊജക്റ്റ് നടപ്പാക്കിയതിന് സാധൂകരണം വാങ്ങേണ്ടതാണ്- 42920/-രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| 42 | പത്രപരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല | 1-24 |
| 43 | ജി.എസ്.ടി- ടി.ഡി.എസ്. ഈടാക്കിയില്ല | 1-25 |
| 44 | മഴക്കാല പൂർവ്വശുചീകരണം - ഏതാനും വാർഡുകളുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-26 |
| 45 | സ്മാർട്ട് ക്ലാസ് റൂം നവീകരണം - പെയിന്റിംഗ് -അപാകതകൾ. -- | 1-27 |
| 46 | ഇ -ടെണ്ടർ ഫീ പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. | 1-28 |
| 47 | പൊതുമരാമത്ത് പ്രവൃത്തികൾ -പൊതു വിവരങ്ങൾ. | 1-29 |
| 48 | ഹരിത കർമ്മസേനയുടെ സേവനം വ്യാപിപ്പിക്കേണ്ടതും വരുമാനവർദ്ധനവിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. | 1-30 |
| 49 | ഭവനനിർമ്മാണം, ഭവനം വാസയോഗ്യമാക്കൽ - ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-31 |

| | | |
|---|---|---|
| 50 | ലൈഫ് ഭവനനിർമ്മാണം-എസ്.സി. (പ്രൊജക്ട് നമ്പർ: 04/22) | 1-31-1 |
| 51 | ലൈഫ് ഭവനനിർമ്മാണം -ജനറൽ(സ്പിൽ ഓവർ) (പ്രൊജക്ട് നമ്പർ:179/22) | 1-31-2 |
| 52 | വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കൽ (പ്രൊജക്ട് നമ്പർ: 2/22) | 1-31-3 |
| 53 | തുക മുൻകൂർ നൽകിയിട്ടും മരുന്ന് ലഭ്യമായിട്ടില്ല | 1-32 |
| 54 | മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തീയതി | 18/02/2021 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 196643781 | 186617000 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസ്സാക്കിയ തിയതി<br>കമ്മിറ്റി തീരുമാനം<br>റിവൈസ്ഡ് ബജറ്റ് | 04/02/2022 | |
| കമ്മിറ്റി തീരുമാനം | 6 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 19782378 | 191336000 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 14.6.22 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,25,15,682 |
| വരവ് | 8,38,21,980 |
| ആകെ | 106,337,662 |
| ചെലവ് | 9,39,23,297 |
| നീക്കിയിരിപ്പ് | 1,24,14,365 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ(ACR പ്രകാരം) | 0 | 11619159 | 11619159 | 11569029 | 50130 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6855827 | 6855827 | 6694000 | 161827 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 19931430 | 19931430 | 18398042 | 1533388 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4871040 | 4871040 | 3716337 | 1154703 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | 0 | 9054839 | 9054839 | 8260000 | 794839 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതിചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ |
|---|---|---|---|---|---|---|

| (എണ്ണം) | | | | | | ശതമാനം |
|---|---|---|---|---|---|---|
| 247 | 90388175 | 198 | 70121113 | 3 | 46 | 80.16 |

## 1-6 തൊഴിലുറപ്പ്പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10584.5 | 766160 | 776744.5 | 776686.5 | 58 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 13872417 | 13872417 | 13872417 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 6246600 | 393 |
| വിധവാ പെൻഷൻ | 13734200 | 895 |
| വാർദ്ധക്യകാല പെൻഷൻ | 25505000 | 1797 |
| വികലാംഗ പെൻഷൻ | 4280100 | 280 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3098000 | 204 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.10.22 തീയതിയിൽ 3.00 PM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6210/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിലെ വൗച്ചറുകളും രജിസ്റ്ററുകളും ഏറെകുറെ കൃത്യതയോടെ പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനത്തിന് സ്ഥല പരിമിതിയുണ്ടെങ്കിലും തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നു. 2021-22 വർഷത്തിൽ സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് 100% ചെലവഴിച്ചതിനാൽ കേന്ദ്ര സർക്കാരിൽ നിന്നും അവാർഡ് ലഭിച്ച ജില്ലയിലെ ഏക പഞ്ചായത്താണ് അവണൂർ ഗ്രാമ പഞ്ചായത്ത്. ആയത് പ്രശംസനീയമായ നേട്ടമായി ഓഡിറ്റ് വിലയിരുത്തുന്നു.നിർവ്വഹണ ഉദ്യോഗസ്ഥർ പലരും TR7 -A ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല. (ഉദാ. കൃഷി ഓഫീസർ, എച്ച്.എം., ഐ.സി.ഡി.എസ്. സൂപ്പർവൈസർ Etc.) പ്രോജക്ടുകളുടെ പൂർത്തീകരണത്തോടൊപ്പം മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് വാഹനത്തിന്റെ ലോഗ്ബുക്കിൽ ഇന്ധന ഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തത്തിൽ കൺട്രോളിംഗ് ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. പ്രസിഡണ്ട്/സെക്രട്ടറി എന്നിവരുടെ പേരിൽ 29/11/2011ൽ ഒരു ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും (A/C No.32059290444 SBI, KUHAS Branch) ആയതിൽ ഇടപ്പാടുകൾ ഒന്നും നടക്കുന്നില്ല. വർഷം തോറും പലിശ തുക ക്യാരി ഓവർ ചെയ്യുകയാണ്. 25.9.2021-ൽ 13736/ -രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. നികുതികളും ഗ്രാന്റുകളും പൂർണമായ രീതിയിൽ പിരിച്ചെടുക്കാനും വിനിയോഗിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ താഴെ പറയുന്ന അപാകങ്ങൾ താഴെ ചേർക്കുന്നു.

## 1-10-1 അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിനൊപ്പം ലഭ്യമാക്കിയില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

## 1-10-2 വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല.

1/4/2021-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22-ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ അവണൂർ ഗ്രാമപഞ്ചായത്തിൽ 206 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22-ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-3 വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകങ്ങൾ

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും സർവീസ് സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും കളക്ഷൻ, ബാലൻസ് എന്നിവയുടെ കാര്യത്തിൽ പൊരുത്തപ്പെടുന്നുണ്ടെങ്കിലും ഇവയുടെ കുടിശ്ശിക ഡിമാന്റ് വ്യത്യാസപ്പെട്ടിരിക്കുന്നു. Prior Period Items എന്ന നോമിനൽ അക്കൗണ്ട് പ്രകാരം ഡിമാന്റ് വർദ്ധിപ്പിക്കുകയോ കുറവ് ചെയ്യുകയോ ചെയ്തതിനാലാണ് വ്യത്യാസം വന്നിട്ടുള്ളത്.

3.1കുടിശ്ശിക

3.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1,35,284 | 1,21,653 | 13,631 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *136,940<br>*(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (112923+30864=143787/105*100) | 1,21,653<br>(റസീറ്റ് & പേയ്മെന്റ് പത്രിക, | 13,631<br>**(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (14329/105X100) |

| | | | |
|---|---|---|---|
| | =136940 | ഷെഡ്യൂൾ ആർ.പി-43) | ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

3.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 22,77,339 | 2,83,692 | 19,93,647 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 22,76,775 | 2,83,692 | 19,93,647 |
| | (2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 550221+1840393= 2390614* (/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(2093513/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

3.2.1. സർവ്വീസ് സെസ്സ് അരിയർ (റസിഡൻഷ്യൽ)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | 22,868 | 20,583 | - | 2,285 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 22,976 | 20,583 | - | 2,285 |
| | 2020-21 B-15 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 35041010- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

3.2.2 സർവ്വീസ് സെസ്സ് അരിയർ( നോൺ റസിഡൻഷ്യൽ)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3,26,413 | 32,221 | - | 2,94,192 |

| | | | | |
|---|---|---|---|---|
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3,26,159 | 32,221 | - | 2,94,192 |
| | 2020-21 B-15 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

3.3.1 സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള നോൺ റെസിഡൻഷ്യൽ ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3.3.2 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 3,27,199രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 3,27,020 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 3,28,567 രൂപയാണ്.(വൌച്ചർ 42100198, 42100253 തീ .31.03.22(പട്ടിക 3.3.3കാണുക )

3.3.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 132836 | 7164 | 140000 | 131819 | 6466 | 138285 | 843 | | 174 | 698 | 872 |
| | നോൺ-റെസിഡൻഷ്യൽ | 190889 | 114637 | 305526 | 173964 | 14771 | 188735 | 803 | | 16221 | 99866 | 116087 |
| | ആകെ | | | 445526 | | | 327020 | 1646 | | 116959 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 4,45,538 | | | 3,27,199 | | | | 328567 | 1,16,959 | | |
| | | 2020-21-ലെ ബാലൻസ് ഷീറ്റ് ബി-15, 2021-22 ലെ State Govt . Cess/levies...... ലെഡ്ജർ പ്രകാരം | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

## 1-10-4 ലഭിച്ച മുൻകൂർ തുകയിലധികമായി ക്രമീകരിച്ചു

2020-21വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2021-22 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/21 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2021-22ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On | 3,974 | 14,981 |

| | | | |
|---|---|---|---|
| | Residential Building | | |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 4,994 | 15,862 |
| 3 | 350410105-Advance Collection Of Revenues -Service Cess On Residential Building | 641 | 2,498 |
| 4 | 350410106-Advance Collection Of Revenues -Service Cess On Non-Residential Building | 90 | 2,589 |

## 1-10-5 വസ്തുനികുതി, സർവീസ് സെസ് അഡ്വാൻസ് തുകകൾ ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചു

തൻവർഷത്തെ വസ്തു നികുതി, സർവീസ് സെസ്സ് അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 3,61,082/-രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വസ്തുനികുതി- റെസിഡൻഷ്യൽ

| ക്രമ. നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42100199 | 01.04.21 | 2,78,229 |

വസ്തുനികുതി- നോൺ-റെസിഡൻഷ്യൽ

| ക്രമ. നം | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42100200 | 01.04.21 | 50,482 |

സർവീസ് സെസ്സ്- റെസിഡൻഷ്യൽ

| ക്രമ. നം | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42100199 | 01.04.21 | 26,167 |

സർവീസ് സെസ്സ്- നോൺ-റെസിഡൻഷ്യൽ

| ക്രമ. നം | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42100200 | 01.04.21 | 6,204 |

## 1-10-6 280000000-Prior Period Item- അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ

ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 3,04,396 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 56,651 |
| 280100105-Prior Period Expenses- Service Cess On Residential Buildings | 108 |
| 280100106-Prior Period Income-Service Cess On Non Residential Building | (254) |

## 1-10-7 നികുതി നികുതിയേതര കുടിശ്ശികകൾ - പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി, സർവീസ് സെസ്സ് ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. വസ്തു നികുതി, സർവീസ് സെസ്സ് ഇനത്തിൽ തൻവർഷം 27,61,723/രൂപ കുടിശ്ശികയുണ്ട്. എന്നാൽ ആയതിന് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-10-8 ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-10 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (1,01,01,317)/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (10,40,633)-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10-11 ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

2021-22 വർഷത്തെ സ്റ്റോക്ക് നീക്കിയിരിപ്പിന്റെ ഭൗതിക പരിശോധന നടത്തി മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-10-12 എം.എൻ ലക്ഷം വീട് അക്കൗണ്ടിലെ നീക്കിയിരിപ്പ് ബാധ്യതയായി ചേർത്തിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ് ഷീറ്റ്-ബി 17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടിന് തത്തുല്യമായ ബാധ്യത ശീർഷകം ബാലൻസ് ഷീറ്റ് ബി-4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450630101 | VSCB(MN LAKSHAM VEEDU) | 1,63,430 |

## 1-10-13 പ്രത്യേക ഉദ്ദേശ്യത്തിനായുള്ള എൻഡോവ്മെന്റ് - ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 420800101- Investments- Fixed Deposits എന്ന ശീർഷകത്തിൽ 20,573/- രൂപ നീക്കിയിരിപ്പുണ്ട്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഇൻവെസ്റ്റ്മെന്റ് ആയി തൃശ്ശൂർ ജില്ല സഹകരണ ബാങ്കിലെ 10,000/- രൂപയുടെയും 10,573/- രൂപയുടെയും സെക്രട്ടറിയുടെ പേരിലുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ടി തുക ആറ്റൂർ സുരേന്ദ്രൻ സ്മാരക എൻഡോവ്മെന്റ് എന്ന പേരിൽ ഒരു വ്യക്തി നിക്ഷേപിച്ചതാണെന്നും ആയതിന്റെ പലിശ ഉപയോഗിച്ച് പത്താം തരത്തിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ കുട്ടിക്ക് സ്കോളർഷിപ്പ് നൽകുന്നുണ്ടെന്നുമാണ് അറിയിച്ചത്. ഇത്തരത്തിൽ ഒരു പ്രത്യേക ഉദ്ദേശ്യത്തിനായി പഞ്ചായത്തിനെ ഏൽപ്പിച്ച സ്ഥിരനിക്ഷേപം പഞ്ചായത്തിന്റെ ആസ്തിയായി മാത്രം പരിഗണിക്കുന്നത് ശരിയല്ല. ആയതിന് തത്തുല്യമായി അനുയോജ്യമായ ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-10-14 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല

വരടിയം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലുള്ള പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ഇഷ്യൂ ചെയ്തതും ദീർഘകാലമായി എൻകാഷ് ചെയ്യാത്തതായി റീകൺസിലിയേഷൻ പത്രികയിൽ കാണിക്കുന്ന താഴെ പറയുന്ന ചെക്കുകൾ പരിശോധിക്കേണ്ടതും കാലാവധി കഴിഞ്ഞ ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റേണ്ടതുമാണ്.

| വൗച്ചർ നം. | തീയതി | ഇൻസ്ട്രമെന്റ് നം. | തീയതി | തുക |
|---|---|---|---|---|
| 21901228 | 10.02.20 | 167012 | 10.02.20 | 132 |
| 22100229 | 07.06.21 | 217549 | 07.06.21 | 452 |
| 22100457 | 11.08.21 | 217627 | 10.08.21 | 1000 |
| 22100436 | 06.08.21 | 217608 | 05.08.21 | 750 |
| 22100640 | 22.09.21 | 217723 | 20.09.21 | 150 |
| 22100579 | 04.08.21 | 217683 | 03.09.21 | 1840 |
| 22100632 | 22.09.21 | 217714 | 20.09.21 | 500 |
| 22100456 | 11.08.21 | 217626 | 10.08.21 | 1000 |
| 22100443 | 11.08.21 | 217612 | 10.08.21 | 1000 |
| 22100466 | 12.08.21 | 217636 | 12.08.21 | 3883 |

## 1-10-15 റീകൺസിലിയേഷൻ പത്രികകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 ൽ ഉൾപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 2021-22വർഷത്തെ പ്രതിമാസ റീകൺസിലിയേഷൻ പത്രികകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. താഴെ പറയുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ പത്രികകളും ബാങ്ക്/ട്രഷറി സ്റ്റേറ്റ് മെന്റുകളും ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ വർഷാന്ത്യ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

450250102 –Treasury Own Fund VPFA 1_2

450630101- VSCB (MN Laksham Veedu)

## 1-10-16 സാധുക്കളായ വിധവകളുടെപെൺമക്കൾക്ക് ധനസഹായം- ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം ഇനത്തിൽ 5 ഗുണഭോക്താക്കൾക്ക് ₹30,000/- വീതം ₹1,50,000/- ചെലവഴിച്ചിട്ടുണ്ട്. ടി ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-10-17 രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം ഡി&ഒ ലൈസൻസ് എന്ന ഇനത്തിന് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

## 1-10-18 എല്ലായിനങ്ങളുടെയും ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

താഴെ പറയുന്ന ഡെപ്പോസിറ്റ് ഇനങ്ങളുടെ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

340100202- Suppliers Security Deposit

340100301- Contractors Retention

340100102- Auction Deposit

## 1-11 മാന്വൽ രസീത് പരിശോധനയിൽ കണ്ട അപാകതകൾ

മാന്വൽ രസീത് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

I) തുക അടവാക്കിയ വ്യക്തികൾക്ക് തുകയുടെ കൈപ്പറ്റ് രസീത് നൽകിയിട്ടില്ല.

| ക്രമ നമ്പർ | രസീത് ബുക്ക് നമ്പർ | രസീതി നമ്പർ | രസീത് ബുക്ക് ഇഷ്യൂ ചെയ്തത് |
|---|---|---|---|
| 1. | 5667 | 1 മുതൽ 100 വരെ | വെറ്ററിനറി സർജൻ |
| 2. | 5671 | 1 മുതൽ 46 വരെ | വെറ്ററിനറി സർജൻ |
| 3. | 1019 | 12 മുതൽ 15 വരെ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| | | 84 മുതൽ 100 വരെ | |
| 4. | 1020 | 1 മുതൽ 21 വരെ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| | | 29 മുതൽ 31 വരെ | |
| | | 61 മുതൽ 75 വരെ | |
| | | 98 മുതൽ 100 വരെ | |
| 5. | 5669 | 1 മുതൽ 100 വരെ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |

II) രസീതുകളിൽ തുക കൈപ്പറ്റുന്ന തീയതികൾ എഴുതുന്നില്ല

ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കുമ്പോൾ തീയതി രേഖപ്പെടുത്താത്ത രസീതികൾ നൽകിയതായി കാണുന്നു. ആയതു മൂലം ഈടാക്കിയ മുഴുവൻ തുകയും അതാത് ദിവസങ്ങളിൽ അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു. തീയതി രേഖപ്പെടുത്താതെ രസീതി കൈകാര്യം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ | രസീത് ബുക്ക് | രസീതി നമ്പർ | രസീത് ബുക്ക് ഇഷ്യൂ ചെയ്തത് |
|---|---|---|---|

| നമ്പർ | നമ്പർ | | |
|---|---|---|---|
| 1. | 1018 | 1 മുതൽ 15 വരെ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 2. | 1019 | 1,2 രസീതികൾ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 3. | 1020 | 34 മുതൽ 59 വരെ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 4. | 5669 | 1 മുതൽ 100 വരെ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ: 20/20.10.22) വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ തിരക്ക് മൂലമാണ് അപാകത സംഭവിച്ചത് എന്നും കൃത്യസമയത്തു തന്നെ തുക അടവാക്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വെറ്ററിനറി സർജൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ,കള്ളുഷാപ്പുകൾ, ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ പ്രവർത്തിക്കുന്നു:

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 8 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നു:

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.139 പ്രകാരം കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 4 കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.132 പ്രകാരം ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 2 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

ആയതുമായി ബന്ധപ്പെട്ട നൽകിയ എൻക്വയറിക്ക (നമ്പർ: 28 തീയതി: 21.10.22) മറുപടി ലഭ്യമായിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ പ്രവർത്തിപ്പിക്കുന്നതിന് മെഷീനറി റണ്ണിങ് ഫീസ് ഈടാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2021-22 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ വിവരം | സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയുടെ കുതിരശക്തി |
|---|---|---|
| 1. | ഫൈവ് സ്റ്റാർ ഫാബ്രിക്കേറ്റേഴ്സ് 15/543 B | 40HP |
| 2. | ജോസ് ബ്രദേഴ്സ് ഫ്ലവർ മില്ല് റൈസ് മില്ല് 11/32 | 12.5HP |

| | | |
|---|---|---|
| 3. | ദീപ്തി ബേക്കറി 2/12 | 5HP |
| 4. | തങ്ങാലൂർ അവൽ മില്ല് 1/15 | 22HP |
| 5. | അശ്വതി ഇന്റീരിയർ വർക്ക്സ് 12/49 | 5HP |
| 6. | ഗായത്രി ഇൻഡസ്ട്രീസ് 1/245 B | 9.5HP |
| 7. | എസ്. ആർ. ഓർണമെന്റ്സ് | 40HP |

തുക അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/20.10.2022) തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്

## 1-14 മണ്ണ് ലേലം - തീരുമാനം കൈക്കൊണ്ട് ഒന്നര വർഷം പിന്നിട്ടിട്ടും ലേലനടപടികൾ സ്വീകരിച്ചിട്ടില്ല.

ഭരണസമിതിയുടെ 29.3.21-ലെ തീരുമാന നമ്പർ :- 1 പ്രകാരം അമ്മണംതോട് തടയണ നിർമ്മാണത്തിന് ശേഷം അവശേഷിക്കുന്ന 188.346 എം ക്യൂബ് (41.85 ലോഡ്) മണ്ണ് ലേലം ചെയ്യണമെന്ന് ആവശ്യപ്പെട്ട് എൽ.എസ്.ജി.ഡി. അസിസ്റ്റൻറ് എഞ്ചിനിയറുടെ കത്ത് യോഗത്തിൽ വായിച്ച് ചർച്ച ചെയ്യുകയും ടി മണ്ണ് ലേലം ചെയ്യുന്നതിനായി അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. പിന്നീട് നാളിതുവരെയും (ഒന്നര വർഷം കഴിഞ്ഞിട്ടും) ഇത് ലേലം നടത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ:18/20.10.22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എൻജിനീയർ ടി മണ്ണിന്റെ വിലയായ 33,480/- നിശ്ചയിച്ച്, സർവ്വേ റിപ്പോർട്ട് തയ്യാറാക്കി വിവരങ്ങൾ 7.4.21 തീയതിയിൽ ലേലം നടപടികൾക്കായി സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ടെന്നും മറുപടിയിൽ അറിയിക്കുന്നു. പിന്നീട് ലേലത്തിന്റെ തുടർ നടപടികൾ യാതൊന്നും ഉണ്ടായിട്ടില്ല എന്നു കാണുന്നു. ഭരണസമിതി അംഗീകരിച്ച തീരുമാനം നാളിതുവരെയും നടപ്പിലാക്കാത്തത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെയും അത് മേൽനോട്ടം നടത്തേണ്ട ഉദ്യോഗസ്ഥരുടെയും അനാസ്ഥയായി കാണുന്നു.

മേൽ സൂചിപ്പിച്ച അളവ് മണ്ണ് നിലവിൽ തൽസ്ഥലത്ത് ഉണ്ടോയെന്നും ആയത് എത്രയും വേഗം ലേല നടപടികൾ പൂർത്തീകരിക്കേണ്ടതും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മണ്ണ് നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ലേലം - വരവായി ലഭിച്ച തുക ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2021 -22 വാർഷികകണക്കു പ്രകാരം ലേലം ഇനത്തിൽ യാതൊരു വരവും ലഭിച്ചിട്ടില്ല. എന്നാൽ 19.11.21 ലെ തീരുമാന നമ്പർ :- 1 പരിശോധിച്ചതിൽ നിന്ന് വരടിയം ഗവ. യു.പി. സ്കൂളിലെ പഴയ കെട്ടിടം പൊളിച്ച് നീക്കി കൊണ്ടു പോകുന്നതിന് വിളിച്ച ലേലം അംഗീകരിക്കുന്നത് സംബന്ധിച്ച വരടിയം ഗവ.യു.പി. സ്കൂൾ ഹെഡ്മിസ്ട്രസ്സിൻറെ 18/11/2021 ലെ കത്തും ലേല ഡയറിയും യോഗം ചർച്ച ചെയ്തു എന്നും 43 പേർ പങ്കെടുത്ത ലേലത്തിൽ ഏറ്റവും കൂടിയ തുകക്ക് ലേലം വിളിച്ച ശ്രീ. ഷംസുദ്ദീൻ പി. ഐ., അന്തിക്കാട് എന്നയാളുടെ 1,12,800/- രൂപക്കുള്ള (ജി.എസ്.ടി. തുകയും കൂടി 1,33,104/- രൂപ) ലേലം അംഗീകരിക്കുന്നതിനും നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുന്നതിന് വരടിയം ഗവ.യു പി സ്കൂൾ ഹെഡ്മിസ്ട്രസ്സിനെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു എന്നും കമ്മിറ്റി മിനുട്സിൽ തീരുമാനം കണ്ടതിനെ കുറിച്ച് അറിയുന്നതിനായി ഓഡിറ്റ് അന്വേഷണം (നമ്പർ: 18/ 20.10.22) നൽകുകയുണ്ടായി.
ഇതിന് മറുപടിയായി 17.11.21-ൽ ലേലം നടന്നുവെന്നും തുക രശീതി നം.121030103433/17.11.21-ൽ "ഓക്ഷൻ ഡെപ്പോസിറ്റ്" എന്ന ഹെഡിൽ തെറ്റായി അടവാക്കിയെന്നും അറിയിച്ചിട്ടുണ്ട്. അതായത് "1 " ൽ തുടങ്ങുന്ന ശീർഷകത്തിൽ (ലേലം വരവ് -150120104 ൽ ഉൾപ്പെടുത്തുന്നതിന് പകരം "3" ൽ തുടങ്ങുന്ന ശീർഷകത്തിലാണ് (ഓക്ഷൻ ഡെപ്പോസിറ്റ് -340200102) ഉൾപ്പെടുത്തിയിരിക്കുന്നത്. ആയത് മൂലം ലേലം ഇനത്തിൽ വരവായി ലഭിച്ച തുക ബാധ്യത ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഡെപ്പോസിറ്റായി ഉൾപ്പെടുത്തിയ ഈ തുക ഏതെങ്കിലും കാരണവശാൽ തിരികെ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയിക്കേണ്ടതാണ്. ആയത് തിരികെ നല്കിയിട്ടില്ലെങ്കിൽ വരവ് ശീർഷകത്തിൽ ഉൾപ്പെടുത്തി ക്രമീകരിക്കേണ്ടതാണ്.

## 1-16 അനധികൃത കെട്ടിടങ്ങൾ കണ്ടെത്തിയിട്ടും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2021-22 വിവരാവകാശ അപേക്ഷ ഫയൽ A8-10624/21, 22.12.21 പരിശോധിച്ചത് പ്രകാരം ശ്രീ. സ്വാമിനി തപസ്യാനന്ദമായി തീർത്ഥ, മയിലാടും കുന്ന്, അവണൂർ പി. ഒ. എന്നിവരുടെ ഉടമസ്ഥതയിൽ 5 കെട്ടിടങ്ങൾ പ്രവർത്തിക്കുന്നതായും ഇവയിൽ ഒരു കെട്ടിടത്തിന് മാത്രമേ (15/424) നമ്പർ ഉള്ളതായിട്ടുള്ളൂ എന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടങ്ങൾ കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരം ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉടമയോട് നോട്ടീസ് മുഖാന്തിരം അറിയിച്ചിട്ടുണ്ട്. 27.12.21, 12.2.21 എന്നിങ്ങനെ രണ്ട് തവണകളായി നൽകിയ നോടീസിനെ തുടർന്ന് യാതൊരു തുടർ നടപടിവിവരങ്ങളും ഫയലിൽ ലഭ്യമല്ല. തുടർ നടപടി വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ: 17/20.10.22) നാളിതുവരെയും ക്രമവൽക്കരിക്കാനുള്ള അപേക്ഷ കെട്ടിട ഉടമ നൽകിയിട്ടില്ലെന്നും കെട്ടിടം ക്രമവൽക്കരിക്കാനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ് എന്ന മറുപടിയും ലഭ്യമാക്കിയിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ലിയു പ്രകാരം നിയമ വിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടം പൊളിച്ചു കളയുന്നതിനോ മാറ്റം വരുത്തുന്നതിനോ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു.എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 07.09.2016 തീയതിയിലെ സ.ഉ (സാധാ) നം. 2627/2016/തസ്വഭവ നമ്പർ ഉത്തരവ്, 31.08.2017-ലെ 1725325/ആർ.എ.2/2017/തസ്വഭവ നമ്പർ സർക്കുലർ, 24.07.2010 ലെ 22044/ആർ.എ.1 /14/തസ്വഭവ സർക്കുലർ എന്നിവ പ്രകാരം അനധികൃത നിർമ്മാണം തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്നിവ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ചു പ്രകാരം ടി കെട്ടിടങ്ങൾക്കെതിരെ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | ജ്യോതി പപ്പടം 11 /118 | 7 |
| 2. | ബർട്ടക് റബേഴ്സ് 1/313 | 16 |
| 3. | അമൃതം ഫുഡ് പ്രോഡക്റ്റ് 13/582 B | 8 |
| 4. | ക്രിസ്റ്റൽ പോളിമേഴ്സ് 15/92 | 9 |
| 5. | ജോളി ഇൻഡസ്ട്രീസ് 15/469 | 24 |
| 6. | ശ്രീരാമ സോമിൽ 6/15, 16 | 6 |
| 7. | പയനീർ ലാമിനേഷൻസ് &സോൾവെന്റ്സ് | 9 |
| 8. | വി പാക്ക് 13/410 B | 10 |
| 9. | തിരുവോണം മാർക്കെറ്റിങ് 14/330A | 8 |
| 10. | ബ്ലൂംസ് എന്റർപ്രൈസസ് 4/158 | 8 |
| 11. | വിനായക സിമെന്റ് ബ്രിക്ക്സ് 15/99,100 | 5 |
| 12. | ടൈൽസ് മാനുഫാക്ചറിങ് ആൻഡ് സെയിൽസ് 15/522 | 22 |
| 13. | ഡിസൈനേഴ്സ് ചോയ്സ് ഇന്റീരിയർ സൊല്യൂഷൻസ് 15/581A | 8 |

| | | |
|---|---|---|
| 14. | പാർക്‌ലാൻഡ് ഹോം സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് 15/581B | 8 |
| 15. | ഇൻഡസ്ട്രിയൽ ഏരിയ സ്ട്രീറ്റ് 4/83 | 9 |
| 16. | ഗായത്രി ഇൻഡസ്ട്രീസ് 1/245B | 10 |
| 17. | തൈവളപ്പിൽ സ്റ്റോഴ്സ് 8/40 | 10 |
| 18. | കേരള ഖാദി കോർപറേഷൻ 12/431A | 10 |

തൊഴിൽ നികുതി ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 24/20.10.22) മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ഗ്രാമപഞ്ചായത്തിലെ മുഴുവൻ റോഡുകളും സഞ്ചയയിൽ ഉൾപ്പെടുന്നില്ല

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) 2011 ചട്ടങ്ങളിലെ ചട്ടം-7 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പ്രദേശങ്ങളെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ വിവിധ മേഖലകളായി തരം തിരിക്കുന്നുണ്ട്. ആയവക്ക് വസ്തു നികുതി നിർണ്ണയം നടത്തുമ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ ഇളവുകളും വർധനവും (ചട്ടം 6 പ്രകാരം) അനുവദിക്കുന്നുണ്ട്. മാത്രമല്ല കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ് / വർദ്ധനവ് കണക്കാക്കുമ്പോൾ 5 മീറ്ററോ അതിൽ കൂടുതലോ വീതിയിലുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുണ്ടെങ്കിൽ അടിസ്ഥാനവസ്തുനികുതിയിൽ 20 ശതമാനം വർധനവും 1.5 മീറ്ററോ അതിൽ കുറവോ വീതിയുള്ള വഴി സൗകര്യമാണെങ്കിൽ 10 ശതമാനം ഇളവും പൊതുവഴി സൗകര്യമില്ലെങ്കിൽ 20 ശതമാനം ഇളവുമാണ് നൽകുന്നത്.

ആയത് പരിശോധിക്കുന്നതിനായി സഞ്ചയയിൽ നിന്നും പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ റോഡുകളുടെയും എണ്ണം, മേഖല അടിസ്ഥാനത്തിലുള്ള ലിസ്റ്റ് (സെക്രട്ടറിയുടെ ലോഗിനിൽ നിന്ന്) എന്നിവ ആവശ്യപ്പെട്ടതിന് 15.10.22-ന് ലഭ്യമാക്കിയ റോഡുകളുടെയും എണ്ണം അടങ്ങിയ ലിസ്റ്റ് പ്രകാരം ആകെ 24 റോഡുകൾ മാത്രമേ ഇതിൽ ഉൾക്കൊള്ളുന്നുള്ളൂ. എന്നാൽ പഞ്ചായത്തിന്റെ ആസ്തി രെജിസ്റ്റർ പ്രകാരം 284-ഓളം റോഡുകൾ ഉൾപ്പെടുന്നുണ്ട്. സാധാരണയായി സെക്രട്ടറിയുടെ ലോഗിനിൽ നിന്ന് മുഴുവൻ വാർഡുകളിലെയും റോഡുകളുടെ പേരുകൾ ഫീൽഡിൽ ഓപ്ഷൻ ആയി വരേണ്ടതാണ്. മുഴുവൻ റോഡ് വിവരങ്ങൾ സഞ്ചയയിൽ ചേർക്കാത്തത് മൂലം ക്ലർക്കുമാർ വസ്തു നികുതി നിർണ്ണയം നടത്തുമ്പോൾ റോഡിന്റെ പേരും അനുബന്ധ വിവരങ്ങളും പുതുതായി ചേർത്ത് കൊടുക്കേണ്ടതുണ്ട്. ഇത് കൃത്യത പുലർത്താതിരുന്നാൽ വരവ് ചോർച്ചയ്ക്ക് ഇട വരുന്നു.
മാത്രമല്ല, ഒരേ റോഡിന്റെ വീതി തന്നെ സഞ്ചയ പ്രകാരവും ആസ്തി രെജിസ്റ്റർ പ്രകാരവും വ്യത്യസ്തപ്പെട്ടിരിക്കുന്നതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.

| റോഡിന്റെ പേര് | സഞ്ചയ പ്രകാരം റോഡിന്റെ വീതി | ആസ്തി രെജിസ്റ്റർ പ്രകാരം റോഡിന്റെ വീതി |
|---|---|---|
| ആകാശവാണി റോഡ് | 1.5 മീ കൂടുതൽ | 6 മീ. |
| പരപ്പാറ പുല്ലുണി പാടം റോഡ് | 1.5 മീ കൂടുതൽ | 6 മീ. |

2.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | റോഡിന്റെ പേര് | റോഡിന്റെ വീതി | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ ഇളവ് നൽകിയതിന്റെ വിവരം |
|---|---|---|---|---|
| 13 | 650 ച.മീ. | ആകാശവാണി | 1.5 മീ | ഇളവ് നൽകിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| /387 | | റോഡ് | കൂടുതൽ | |
| 13 /396 | 86.58 ച.മീ. | ആകാശവാണി റോഡ് | 1.5 മീ കുറവ് | 10 % ഇളവ് നൽകിയിട്ടുണ്ട്. |

ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവം സമാഹരിക്കുന്നത് പ്രധാനമായും നികുതികളിലൂടെയാണ്. ഇത് പൂർണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ സേവന പ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും നടപ്പാക്കാൻ സാധിക്കൂ. ഇതിനായി നികുതികളിലെ പ്രധാനപ്പെട്ട വസ്തുനികുതി കുറ്റമറ്റ രീതിയിൽ നിർണയിച്ചിട്ടുണ്ടെന്നും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതുണ്ട്. നിലവിൽ പഞ്ചായത്തിൽ 10,656 കെട്ടിടങ്ങൾക്കാണ് വസ്തുനികുതി ഈടാക്കി വരുന്നത്. മേൽ സൂചിപ്പിച്ച രീതിയിലുള്ള നികുതി നിർണ്ണയം വൻ തോതിലുള്ള നികുതി ചോർച്ചയ്ക്ക് കാരണമാകുന്നുണ്ട് .

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ഗ്രാമപഞ്ചായത്തിന്റെ നികുതി ശേഖരണം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഏറ്റവും പ്രധാനപ്പെട്ട ചുമതലയായിരിക്കെ നികുതി ചോർച്ചക്ക് കാരണമാകുന്ന മേൽ വസ്തുതകൾ കണ്ടെത്തി തടയാൻ കഴിയാഞ്ഞത് പരിശോധിക്കേണ്ടതാണ്. നികുതിനിർണയത്തിന് ചട്ടത്തിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് അടിയന്തിര പ്രാധാന്യത്തോടെ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-19 കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം - ഇൻവോയ്സ് പ്രകാരമുള്ള തുകയിൽ അധികമായി അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് | വനിത ക്ഷീരകർഷർക്ക് കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം (നമ്പർ - 103/22) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| വൗച്ചർ നമ്പർ, തുക | 22101616/23.02.22 = 2,75,000 (വികസന ഫണ്ട്-ജനറൽ)<br>22101630/26.02.22 = 1,37,500 „ „<br>22101368/31.03.22 = 6,50,000 (ഗുണഭോക്തൃവിഹിതം) |

വനിതക്ഷീര കർഷകർക്ക് കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം എന്ന പ്രൊജക്ട് പ്രകാരം കറവപ്പശുക്കൾക്ക് 4 മാസത്തേക്ക് പ്രതിമാസം 2 ചാക്ക് കാലിത്തീറ്റ സബ്സിഡി നിരക്കിൽ കേരള ഫീഡ്സ് എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടുന്നത്. കേരള ഫീഡ്സുമായുള്ള കരാർ പ്രകാരം കാലിത്തീറ്റ 50 കിലോ തൂക്കമുള്ള ചാക്കൊന്നിന് 1265/- രൂപയ്ക്കോ അല്ലെങ്കിൽ അതത് സമയത്തെ വിലയ്ക്കോ കാലിത്തീറ്റ വിതരണം ചെയ്യുന്നതാണ്. ഗുണഭോക്തൃ കളക്ഷൻ രജിസ്റ്റർ പ്രകാരം ഗുണഭോക്തൃവിഹിതമായി 125 ഗുണഭോക്താക്കളിൽ നിന്ന് നാല് മാസത്തേക്ക് പ്രതിമാസം ₹1430/- വീതം ആകെ ₹7,15,000/- ശേഖരിച്ചിട്ടുണ്ട്.

ഈ പ്രൊജക്ട് മുഖേന 750 ചാക്ക് കാലിത്തീറ്റയുടെ വിലയായി ആകെ ₹10,62,500/- കേരള ഫീഡ്സിന് നൽകിയിട്ടുണ്ട്. എന്നാൽ കേരള ഫീഡ്സ് നൽകിയ ഇൻവോയ്സുകൾ പ്രകാരം ₹9,11,250/- മാത്രമേ നൽകേണ്ടതുള്ളൂ. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഇൻവോയ്സ് നമ്പർ/തീയതി | കാലിത്തീറ്റ ബാഗുകളുടെ എണ്ണം | ഇൻവോയ്സ് തുക |
|---|---|---|---|
| 1 | KLFPI-21-22-042171/ 27.01.22 | 250 | 3,03,750 |
| 2 | KLFPI-21-22-048039 / 27.01.22 | 250 | 3,03,750 |
| 3 | KLFPI-21-22-052849 / 23.02.22 | 250 | 3,03,750 |

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (നം. /21.10.22) 2021-22 വർഷത്തിൽ 1000 ചാക്ക് കാലിത്തീറ്റ ലഭിച്ചിട്ടുണ്ടെന്നും അവസാനം ലഭിച്ച 250 ചാക്ക് കാലിത്തീറ്റയുടെ വിലയായ ₹3,11,250/- 2022-23 വർഷത്തിൽ സ്പിൽ ഓവർ പ്രൊജക്ടിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ടെന്നും ഈ പദ്ധതിക്കായി 2021-22, 2022-23 വർഷങ്ങളിൽ ആകെ ₹12,65,000/ - രൂപ ചെലവഴിച്ചിട്ടുണ്ടെന്നും കാലിത്തീറ്റ ചാക്കൊന്നിന് 1265/- രൂപ

കണക്കാക്കിയാണ് തുക നൽകിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ നേരിൽ അറിയിച്ചു. കാലിത്തീറ്റ സ്റ്റോക്ക് രജിസ്റ്റർ, ഇൻവോയ്സ് എന്നിവ ഓഡിറ്റിന് ലഭ്യമാക്കി.

എന്നാൽ 2021-22 വർഷം ലഭിച്ച 1000 ചാക്ക് കാലിത്തീറ്റയുടെ ഇൻവോയ്സ് പ്രകാരമുള്ള വില ₹12,22,500/- മാത്രമാണ്. അതിന് പകരം കാലിത്തീറ്റ ചാക്കൊന്നിന് ₹1265/- രൂപ നിരക്കിൽ ₹12,65,000/- നൽകിയിട്ടുണ്ട് (2022-23 വർഷത്തിൽ നൽകിയ തുകയടക്കം). കാലിത്തീറ്റ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2021-22 വർഷത്തിൽ മാത്രം ലഭിച്ച കാലിത്തീറ്റയുടെ ഇൻവോയ്സ് പ്രകാരമുള്ള വിലയും (₹911250+₹311250 = ₹12,22,500) 2021-22 വർഷത്തിൽ മാത്രം കേരള ഫീഡ്സിന് നൽകിയ തുകയും (₹10,62,500/-) പരിഗണിക്കുമ്പോൾ കേരള ഫീഡ്സിന് ബാക്കി നൽകേണ്ട തുക ₹1,60,000/- മാത്രമാണ്. എന്നാൽ 2022-23 വർഷത്തിൽ 32/23 എന്ന സ്പിൽ ഓവർ പ്രൊജക്ട് പ്രകാരം ₹2,02,500/- അനുവദിച്ചിട്ടുള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ലഭിച്ച കാലിത്തീറ്റയുടെ ഇൻവോയ്സ് പ്രകാരമുള്ള വിലയിൽ അധികമായി നൽകിയ ₹42,500/- (₹2,02,500- ₹1,60,000) തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണസർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ കുടിവെള്ള പദ്ധതി പ്രൊജക്ടുകൾക്കായി താഴെപ്പറയും പ്രകാരം ഭൂജലവകുപ്പിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം., പേര് | വൗച്ചർ നം., തിയതി തുക | റിമാർക്സ് |
|---|---|---|---|
| 1 | 281/22 എ കെ ജി കുടിവെള്ള പദ്ധതി | 22101322/23.03.2022<br>1,15,000/-(തനത് ഫണ്ട്) | എസ്റ്റിമേറ്റ് തുക പൂർണ്ണമായും അടവാക്കി |
| 2 | 188/22 ചിറ്റാട്ടുകര പോസ്റ്റ് ഓഫീസ് കുടിവെള്ള പദ്ധതി | 22101692/30.03.2022<br>4,03,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>22101524/20.12.2021<br>97,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | എസ്റ്റിമേറ്റ് തുക (16,77,000) പൂർണ്ണമായും അടവാക്കിയിട്ടില്ല |
| 3 | 187/22 നവകേരളം കുടിവെള്ള പദ്ധതി | 22101575/07.02.2022<br>55,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | എസ്റ്റിമേറ്റ് തുക (10,41,110) പൂർണ്ണമായും അടവാക്കിയിട്ടില്ല |
| 4 | 183/22 പാനോർക്കാവ്കുടിവെള്ള പദ്ധതി | 22101525/20.12.2021<br>1,16,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>22101677/27.03.2022<br>2,84,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | എസ്റ്റിമേറ്റ് തുക (14,76,000) പൂർണ്ണമായും അടവാക്കിയിട്ടില്ല |
| 5 | 136/22 ജലധാര കുടിവെള്ള പദ്ധതി മെയിന്റനൻസ് | 22101050/17.01.2022<br>5,00,000/-(തനത് ഫണ്ട്)<br>22101144/04.02.2022<br>6,35,000/-(തനത് ഫണ്ട്) | എസ്റ്റിമേറ്റ് തുക (13,75,000) പൂർണ്ണമായും അടവാക്കിയിട്ടില്ല |
| 6 | 133/22 വേളക്കോട് താത്തോത്ത്കോളനി കുടിവെള്ള പദ്ധതി | 22101550/14.01.2022<br>63,000/-(വികസനഫണ്ട് എസ് സി പി) | എസ്റ്റിമേറ്റ് തുക പൂർണ്ണമായും അടവാക്കി |

| | | | |
|---|---|---|---|
| 7 | 158/22 ഇത്തപ്പാറ കുടിവെള്ള പദ്ധതി | 22101281/14.03.2022 3,20,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | എസ്റ്റിമേറ്റ് തുക പൂർണ്ണമായും അടവാക്കി |
| 8 | 159/22 അംബേദ്കർ മൂത്തൻ മൂത്തി കുടിവെള്ള പദ്ധതി | 22101411/31.03.2022 3,20,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | എസ്റ്റിമേറ്റ് തുക പൂർണ്ണമായും അടവാക്കി |
| 9 | 160/22 തേർക്കിൽ അമ്പലം പരിസരം കുഴൽക്കിണർ നിർമ്മാണം | 22101412/31.03.2022 40,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | എസ്റ്റിമേറ്റ് തുക പൂർണ്ണമായും അടവാക്കി |
| 10 | 161/22 കാരോർ കുടിവെള്ള പദ്ധതി | 22101280/14.03.2022 20,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | എസ്റ്റിമേറ്റ് തുക പൂർണ്ണമായും അടവാക്കി |
| 11 | 162/22 താമരക്കുളം കുഴൽക്കിണർ നിർമ്മാണം | 22101279/14.03.2022 40,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | എസ്റ്റിമേറ്റ് തുക പൂർണ്ണമായും അടവാക്കി |
| 12 | 167/22 കുണ്ടിലങ്ങാടി കുടിവെള്ള പദ്ധതി | 22101274/11.03.2022 1,12,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) 22101415/31.03.2022 6,88,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | എസ്റ്റിമേറ്റ് തുക (11,82,000) പൂർണ്ണമായും അടവാക്കിയിട്ടില്ല |
| 13 | 168/22 ഒ പി കുടിവെള്ള പദ്ധതി | 22101413/31.03.2022 5,32,500/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | എസ്റ്റിമേറ്റ് തുക പൂർണ്ണമായും അടവാക്കി |
| 14 | 182/22 ഒ പി കുടിവെള്ള പദ്ധതി | 22101535/30.12.2021 1,19,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) 22101678/27.03.2022 2,31,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | എസ്റ്റിമേറ്റ് തുക (14,39,000) പൂർണ്ണമായും അടവാക്കിയിട്ടില്ല |
| 15 | 169/22 ആൽത്തറ മഹാ ഔഷധി കുടിവെള്ള പദ്ധതി | 22101275/11.03.2022 1,12,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) 22101414/31.03.2022 7,64,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | എസ്റ്റിമേറ്റ് തുക (10,72,000) പൂർണ്ണമായും അടവാക്കിയിട്ടില്ല |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.07/19.10.2022) മറുപടിയായി ഭൂജലവകുപ്പിന് കത്തുനൽകിയതായി അറിയിച്ചു.

കുടിവെള്ളപദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് പൂർത്തീകരണസർട്ടിഫിക്കറ്റ് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-21 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| ക്രമ | പ്രോജക്ട് നം, പേര് | വൗച്ചർ നം., തീയതി | റിമാർക്സ് |
|---|---|---|---|

| നം | | തുക | |
|---|---|---|---|
| 1 | 14/22 ഐ.കെ.എം വിഹിതം നൽകൽ | 22101465/11.08.2021 61,603/-(വികസനഫണ്ട് ജനറൽ) | ഐ.കെ.എം-ന് നൽകിയത് |
| 2 | 73/22 ക്യാൻ തൃശ്ശൂർ | 22101179/18.02.2022 100,000/-(തനത് ഫണ്ട്) | തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് നൽകിയത് |
| 3 | 127/22 പി.എം.എ.വൈ അധിക വിഹിതം നൽകൽ | 22101515/03.12.2021 70,000/-(വികസനഫണ്ട് എസ് സി പി) | പുഴയ്ക്കൽ ബ്ളോക്ക് പഞ്ചായത്തിന് നൽകിയത് |
| 4 | 124/22 എ.ബി.സി പ്രോഗ്രാം പഞ്ചായത്ത് വിഹിതം | 22100289/25.06.2021 105,000/-(തനത് ഫണ്ട്) | കുടുംബശ്രീ ജില്ലാ മിഷന് നൽകിയത് |
| 5 | 26/22 വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22100388/22.06.2021 76,466/-(തനത് ഫണ്ട്) 22101022/04.01.2022 23,534/-(തനത് ഫണ്ട്) | കെ.എസ്.ഇ.ബി-യ്ക്ക് നൽകിയത് |
| 6 | 255/22 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ രണ്ടാംഘട്ടം | 22101553/17.01.2022 5,90,083/-(വികസനഫണ്ട് ജനറൽ) 22101578/09.02.2022 49,685/-(വികസനഫണ്ട് ജനറൽ) | കെ.എസ്.ഇ.ബി-യ്ക്ക് നൽകിയത് |
| 7 | 172/22സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 22101106/31.01.2022 57,584/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) 22101146/10.02.2022 7,17,846/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) 22101416/31.03/2022 66,837/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | കെ.എസ്.ഇ.ബി-യ്ക്ക് നൽകിയത് |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08/19.10.2022) മറുപടിയായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്തുനൽകിയതായി അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-22 കെൽട്രോണിൽ നിന്നും സാമഗ്രികൾ ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം കെൽട്രോണിന് തുക നൽകിയെങ്കിലും സാധനങ്ങൾ ലഭ്യമായിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം, പേര് | വൗച്ചർ നം., തീയതി തുക | പ്രൊഫോർമ ഇൻവോയ്സ് നം. തീയതി | ഇനം |
|---|---|---|---|---|
| 1 | 270/22 ഘടകസ്ഥാപനങ്ങളിലേയ്ക്ക് | 22101661/17.03..2022- 61,723/-(മെയിന്റനൻസ് | 36322/12.03.2022 | ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ-2 |

| | | | | |
|---|---|---|---|---|
| | കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ | ഗ്രാന്റ് നോൺ റോഡ്) 22101325/23.03.2022 17,871/-(തനത് ഫണ്ട്) | | |
| 2 | 270/22ഘടകസ്ഥാപനങ്ങളിലേയ്ക്ക് കമ്പ്യൂട്ടർ,പ്രിന്റർ വാങ്ങൽ | 22101584/14.02.2022- 7,069/-(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) | 30774/16.02.2022 | സ്കാനർ-1 |
| 3 | 181/22കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേയ്ക്ക് കമ്പ്യൂട്ടർ,പ്രിന്റർ വാങ്ങൽ | 22101483/08.10.2021 72,768/-(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) | 30558/06.10.2021 (12,953/-രൂപ) | ലേസർപ്രിന്റർ-1 |
| 4 | 55/22 പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങൽ | 22101300/17.03.2022 96,949/-(തനതുഫണ്ട്) | 36321/12.03.2022 | ഹൈസ്പീഡ് സ്കാനർ-1 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/20.10.2022) മറുപടിയായി സാധനങ്ങൾ ലഭ്യമാക്കുന്നതിനായി കെൽട്രോണിന് കത്തുനൽകിയതായി അറിയിച്ചു. ലഭ്യമാകാനുള്ള സാധനങ്ങൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-23 മാർഗരേഖയിൽ നിന്നും വ്യതിചലിച്ച് പ്രൊജക്റ്റ് നടപ്പാക്കിയതിന് സാധൂകരണം വാങ്ങേണ്ടതാണ്- 42920/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം, പേര് -280/22-എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകൽ

നിർവഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി (വികസനഫണ്ട് എസ്.സി.പി)

ചെലവ് -250000/-(വൗച്ചർ നം.20101662/തി.18.03.2022-വികസനഫണ്ട് എസ്.സി.പി)
50000/-(വൗച്ചർ നം.22101324/തി.23.03.2022-തനതുഫണ്ട്)

മേല്പറഞ്ഞ പ്രോജക്ടിൽ എസ്.സി വിഭാഗത്തിൽപ്പെട്ട 6 വിദ്യാർത്ഥികൾക്ക് വിശ്വാസ് കമ്പ്യൂട്ടേഴ്സ്, കുന്നംകുളം എന്ന സ്ഥാപനത്തിൽ നിന്നും ലാപ്ടോപ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. കാർത്തിക വി എ, വടക്കേവളപ്പിൽ വീട്, വെളപ്പായ എന്ന വിദ്യാർത്ഥിനി, പെരിങ്ങണ്ടൂർ പോപ്പ് പോൾ മേഴ്സി ഹോം എന്ന സ്ഥാപനത്തിൽ രണ്ട് വർഷത്തെ Diploma In Special Education (Intellectual Disability) എന്ന കോഴ്സിനാണ് പഠിക്കുന്നത്. സബ്സിഡി മാർഗരേഖ സ.ഉ.(കൈ ) നം.22/2018 ത.സ്വ.ഭ.വ തി.14.02.2018 ഖണ്ഡിക 7.2.8 പ്രകാരം, ബിരുദം, ബിരുദാനന്തരബിരുദം, പോളി ടെക്നിക് ഡിപ്ളോമ, എഞ്ചിനീയറിംഗ്, മെഡിക്കൽ, ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾ ഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്, സ്വാശ്രയസ്ഥാപനങ്ങളിലോ സർവകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ് വാങ്ങി നൽകാവുന്നത്. മേല്പറഞ്ഞ വിദ്യാർത്ഥിനി പഠിക്കുന്ന കോഴ്സും സ്ഥാപനവും മാർഗരേഖയിൽ പ്രതിപാദിക്കുന്ന പ്രകാരമുള്ളതല്ല.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/19.10.2022) മറുപടിയായി മുൻഗണനാമാനദണ്ഡമായി പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടുത്തിയതിനാലാണ് പ്രസ്തുത വിദ്യാർത്ഥിനിയ്ക്ക് ലാപ്ടോപ് നൽകിയതെന്നറിയിച്ചു. മാർഗരേഖയിൽ നിന്നും വ്യതിചലിച്ച് പ്രോജക്റ്റ് നടപ്പാക്കിയതിന് സാധൂകരണം വാങ്ങേണ്ടതാണ്. അതുവരെ ഒരു ലാപ്ടോപിന്റെ വിലയായ 42,920/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 പത്രപരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റ് നം., പേര് -പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് പ്രവർത്തനങ്ങൾ

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി
ഫണ്ട് -വികസനഫണ്ട്, ജനറൽ

മേല്പറഞ്ഞ പ്രോജക്ടിൽ പത്രങ്ങളിൽ പരസ്യം നൽകിയതിൽ മാതൃഭൂമി പത്രത്തിലെ പരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ:

| ക്രമ നം | വൗച്ചർ നം., തീയതി തുക | നൽകിയ തുക (ജി.എസ്.ടി ഒഴികെ) | ലഭിക്കേണ്ട ഡിസ്കൗണ്ട് 15% |
|---|---|---|---|
| 1 | 22100288/25.06.2021 | 8658 | 1299 |

| | | | |
|---|---|---|---|
| 2 | 22100654/11.10.2021 | 6669 | 1000 |
| 3 | 22100376/16.07.2021 | 5265 | 790 |
| 4 | 22100767/23.10.2021 | 5557 | 834 |
| 5 | 22100930/10.12.2021 | 6669 | 1000 |
| | | ആകെ | 4923 |

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ. 04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ. 10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ച് കിട്ടുന്നതിന് നടപടികളൊന്നും സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/20.10.2022) മറുപടിയായി ഡിസ്കൗണ്ട് അനുവദിച്ച് കിട്ടുന്നതിന് നടപടി സ്വീകരിയ്ക്കുമെന്ന് അറിയിച്ചു. മേൽ വിവരിച്ച പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികമനുവദിച്ച തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ, ഭാവിയിൽ ഈ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ബിൽ തുകയിൽ നിന്ന് ക്രമീകരിക്കുന്നതിനോ നടപടികൾ ഉണ്ടാവേണ്ടതാണ്.

## 1-25 ജി.എസ്.ടി- ടി.ഡി.എസ്. ഈടാക്കിയില്ല

നിർവഹണോദ്യോഗസ്ഥ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അംഗൻവാടി പോഷകാഹാരം പദ്ധതിക്കായി 2021-22 വർഷത്തിൽ വിവിധ ബില്ലുകളിലൂടെ അമൃതം ഫുഡ് സപ്ലിമെന്റ്, എടക്കളത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും അമൃതം പൊടി, ബാലാമൃതം, കുമാരി പ്ലസ്, ജനനി പ്ലസ്എന്നിവ വാങ്ങുന്നതിനായി 15,14,630/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. Notification No. 50/2018 - Central Tax തീയതി 13.10.2018 പ്രകാരം 2.5 ലക്ഷത്തിലധികമുള്ള വാങ്ങലുകൾക്ക് സാധനങ്ങളുടെ മൂല്യത്തിന്റെ 2% ടി.ഡി.എസ്. (1%CGST+1%SGST) ആയി ഈടാക്കേണ്ടതുണ്ട്. പോഷകാഹാരത്തിന് ജി.എസ്.ടി. ഉൾപ്പെടെയുള്ള തുകയാണ് അനുവദിച്ചത് എങ്കിലും, തുക കൈമാറിയപ്പോൾ ജി.എസ്.ടി-ടി.ഡി.എസ്. ഈടാക്കിയില്ല. തുടർവർഷങ്ങളിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി (നം.16/20.10.2022) യ്ക്ക് മറുപടി ലഭ്യമാക്കിയില്ല.)

## 1-26 മഴക്കാല പൂർവ്വശുചീകരണം - ഏതാനം വാർഡുകളുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

Vr.No.22100074. Dtd. 27.4.21. 150000/ -

Vr.No.22100212. Dtd.3.6.21. 150000/ -

മഴക്കാല പൂർവ്വ ശുചികരണ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷൻ ഫണ്ട് ഉൾപ്പെടെ മേൽ പറഞ്ഞിരിക്കുന്ന വൗച്ചറുകൾ പ്രകാരം മൂന്ന് ലക്ഷം രൂപ മെഡിക്കൽ ഓഫീസർക്ക് നല്കിയിട്ടുണ്ട്. പഞ്ചായത്തിലെ 15വാർഡുകൾക്ക് തുല്ല്യമായാണ് തുക അനുവദിച്ചിട്ടുള്ളത്. തുക നല്കിയ പ്രൊസിഡിംഗ്സിൽ ധനവിനിയോഗ സാക്ഷ്യപത്രം, ഇൻവോയ്സുകൾ, വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു എന്നാൽ 11 വാർഡുകളുടെ ചെലവ് തുകയ്ക്കുള്ള മസ്റ്റർ റോളുകൾ മാത്രമാണ് ഹാജരാക്കിട്ടുള്ളത്. വാർഡ് 1,4,5,6 എന്നിവയുടെ ചെലവ് രേഖകൾ യാതൊന്നും ഹാജരാക്കിയിട്ടില്ല. മെഡിക്കൽ ഓഫീസർ ധനവിനിയോഗ സാക്ഷ്യപത്രവും പഞ്ചായത്തിന് നല്കിയിട്ടില്ല.ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ (4*20000) 80000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.9/19.10.22.)

## 1-27 സ്മാർട്ട് ക്ലാസ് റൂം നവീകരണം - പെയിന്റിംഗ് -അപാകതകൾ. --

പ്രോജക്ട് നം. - S00247/22.

Vr.No.22100608. Dtd.9.9.21. 79923/ -

നിർവ്വഹണ ഉദ്യോഗസ്ഥ – എച്ച്.എം.

വരടിയം യു.പി. സ്കൂൾ സ്മാർട്ട് ക്ലാസ് റൂം നവീകരണം - പെയിന്റിംഗ് എന്ന സ്പിൽ ഓവർ പ്രോജക്ടിൽ ക്വട്ടേഷൻ ക്ഷണിച്ചതിൻ പ്രകാരം താഴ്ന്ന നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. സജീവൻ.എ.വി, എന്നയാൾക്ക് കരാർ ഉറപ്പിച്ച് നല്കിയിട്ടുണ്ട്. അസി. എഞ്ചിനിയർ 79923/ - രൂപയുടെ പ്രോജക്ട് എസ്റ്റിമേറ്റ് തയ്യാറാക്കി നല്കിയിട്ടുണ്ട്. പ്രവൃത്തി സമയബന്ധിതമായി

ടീയാൾ പൂർത്തീകരിച്ചിട്ടില്ല. കരാറിൽ പൂർത്തീകരണ കാലവധി രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തികരണ സാക്ഷ്യപത്രം, നിശ്ചിത മാതൃകയിലുള്ള കൈപറ്റ് രശീത്, തുക ബന്ധപ്പെട്ട വ്യക്തിയ്ക്ക് ലഭിച്ച് എന്നുള്ള UTR പത്രിക, മോണിട്ടറിംഗ് കമമിറ്റി റിപ്പോർട്ട്, പ്രവൃത്തി പൂർത്തികരിച്ചതിന്റെ തെളിവുരേഖയ്ക്ക് ഉതകുന്ന രീതിയിലുള്ള ഫോട്ടോ ഗ്രാഫ് എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ബന്ധപ്പെട്ട ചെലവ് വിവരങ്ങൾ ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല. മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾ ആദ്യ മറുപടിയിൽ തന്നെ പരിഹരിക്കേണ്ടതാണ്.അതു വരെ ചെലവ് തുക 79923/ - രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.10/19.10.22.)

## 1-28 ഇ -ടെണ്ടർ ഫി പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തിൽ ഇ-ടെണ്ടർ പ്രകാരം നടപ്പാക്കിയ 17 മരാമത്തു പ്രവൃത്തികളുടെ ടെണ്ടർ ഫി ഇനത്തിൽ ലഭിച്ച 50548/ - രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. അവണൂർ ഗ്രാമ പഞ്ചായത്തിന് അവകാശപ്പെട്ട ഇ – ടെണ്ടർ ഫീ ഇനത്തിലുള്ള മേൽ തുക അവിടെ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. മുൻ വർഷങ്ങളിലേതുൾപ്പെടെയുള്ള ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുള്ള തുകകൾ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-29 പൊതുമരാമത്ത് പ്രവൃത്തികൾ -പൊതു വിവരങ്ങൾ.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2021-22 വർഷത്തിൽ 110 പ്രോജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളത്. തൻവർഷം 128 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടായിരുന്നു. അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 18 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയില്ല. 86% പ്രവൃത്തികൾ മാത്രമാണ് ചെയ്തിട്ടുള്ളത്. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ പൂർണ്ണമായും നടപ്പിലാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.തൻവർഷം ആകെ അടങ്കൽ - 41196354/- രൂപയും, ആകെ ചെലവ് - 30540534/- രൂപയുമാണ്. ആകെ ചെയ്ത പ്രവൃത്തികളുടെ ചെലവ് 74.13% ആണ്. മുഖ്യമായും റോഡ് നിർമ്മാണ പ്രവൃത്തികൾ, ടാറിംഗ്, റീ-ടാറിംഗ്, കാന നിർമ്മാണ പ്രവൃത്തികളാണ് എന്നിവയാണ് ചെയ്തിട്ടുള്ളത്. മത്സാരാധിഷ്ഠിത ടെണ്ടർ നടപടിക്രമ സംവിധാനം ഗ്രാമപഞ്ചായത്തിൽ ഫലപ്രദമായി നടപ്പാക്കുന്നുണ്ട്. എന്നാൽ പ്രോജക്ട് നിർവ്വഹണ, പൂർത്തികരണ ഘട്ടങ്ങളിൽ മോണിട്ടറിംഗ് കമ്മിറ്റികൾ ഫലപ്രദമായി ഇടപെടലുകൾ നടത്തുന്നില്ല. പ്രോജക്ട് ഫയലിൽ പൂർത്തീകരണ സാക്ഷ്യപത്രം സൂക്ഷിക്കുന്നുണ്ടെങ്കിലും മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ട് സൂക്ഷിക്കുന്നില്ല. മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട എഗ്രിമെന്റ് രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ എന്നിവയിൽ ആവശ്യപ്പെടുന്ന കോളങ്ങളിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. കാഷ് ബുക്ക് TR 7A മാതൃകയിൽ എഴുതി സൂക്ഷിക്കുന്നുണ്ട് ആസ്തി രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധിക്കാനായില്ല. മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതും ആയതിന് മറുപടി നൽകേണ്ടതുമാണ്.

## 1-30 ഹരിത കർമ്മസേനയുടെ സേവനം വ്യാപിപ്പിക്കേണ്ടതും വരുമാനവർദ്ധനവിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

| | |
|---|---|
| പ്രോജക്ട് | ഹരിത കർമ്മസേന-വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകൽ (നമ്പർ -132/22) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചൂലിശ്ശേരി സർക്കിൾ |
| വൗച്ചർ നമ്പർ, തുക | 22100599/08.09.21 = 19,800<br>22100826/15.11.21 = 20,000<br>22100966/23.12.21 = 18,000<br>22101222/18.02.22 = 33,000<br>90,800/-<br>(തനത് ഫണ്ട്) |

അവണൂർ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനാംഗങ്ങൾക്ക് വേതനം നൽകുന്നതിനായി 4/21, 6/21, 8/21 മുതൽ 1/22 എന്നീ മാസങ്ങളിലെ ഹരിത കർമ്മസേന കൺസോർഷ്യത്തിന്റെ പ്രതിമാസ റിപ്പോർട്ടിന്റെയും അപേക്ഷയുടെയും അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് ആയി ₹90,800/- അനുവദിച്ചിട്ടുണ്ട്. മേൽ പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ ഇപ്രകാരം ഗ്യാപ് ഫണ്ട് കണക്കാക്കിയത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ

ഇല്ല. ഹരിതകർമ്മസേനയ്ക്ക് യൂസർഫീ ഇനത്തിൽ ലഭിക്കുന്ന തുക, പാഴ് വസ്തുക്കൾ വിറ്റ് കിട്ടുന്ന തുക, മറ്റിനങ്ങളും ചേർത്ത് ഹരിതകർമ്മസേനയ്ക്ക് ലഭിക്കേണ്ട പ്രതീക്ഷിത പ്രതിമാസ വരുമാനവും, പ്രതിമാസം ലഭിക്കുന്ന വരുമാനവും തമ്മിലുള്ള വ്യത്യാസം കണക്കാക്കുമ്പോൾ കുറവ് വരുന്ന തുകയാണ് വയബിലിറ്റി ഗ്യാപ് ഫണ്ടിലൂടെ അനുവദിക്കേണ്ടത്. എന്നാൽ. തൊഴിലാളികളുടെ കൂലിയിനത്തിൽ കൺസോർഷ്യം ആവശ്യപ്പെട്ട തുക അനുവദിച്ചതായാണ് കാണുന്നത്. മാത്രമല്ല, ഹരിതകർമ്മസേന ലഭ്യമാക്കിയ പ്രതിമാസ റിപ്പോർട്ട് പ്രകാരം ആകെ വീട്ടുകളുടെ ചെറിയ ശതമാനം മാത്രമാണ് ഹരിതകർമ്മസേനയുടെ സേവനം ലഭ്യമാകുന്നത്. ആയത് സംബന്ധിച്ചസംക്ഷിപ്തം താഴെ ചേർക്കുന്നു.

| മാസം | ആകെ വീട്ടുകളുടെ എണ്ണം | ഹരിത കർമ്മസേന പോയ വീട്ടുകളുടെ എണ്ണം | ശതമാനം |
|---|---|---|---|
| 04/21 | 8136 | 624 | 7.6 |
| 08/21 | | 720 | 8.84 |
| 09/21 | | 800 | 9.83 |
| 10/21 | | 733 | 9 |
| 11/21 | | 1025 | 12.5 |
| 12/21 | | 1460 | 17.9 |
| 1/22 | | 1102 | 13.5 |
| 2/22 | | 1410 | 17.33 |
| 3/22 | | 1512 | 18.58 |

ആകെ കടകളുടെ എണ്ണം പ്രതിമാസ റിപ്പോർട്ടിൽ ലഭ്യമല്ല. ഹരിത കർമ്മസേനകളുടെ പ്രവർത്തനത്തിന് വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചുകൊണ്ടുള്ള GO(Rt)No.1250/21/LSGD തീയതി 02.07.21 എന്ന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വാതിൽപ്പടി ശേഖരണവും, യൂസർഫീ ശേഖരണവും കാര്യക്ഷമമായി നടത്തുന്നതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്ന സാഹചര്യത്തിൽ ആയതിന്റെ ഭാഗമായ വരുമാനക്കുറവ് നികത്താൻ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കുന്നത് അനുവദനീയമല്ല.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (നം. 03/19.10.22) അജൈവ മാലിന്യങ്ങൾ തരംതിരിക്കുന്നതിനും ഈ മാലിന്യങ്ങൾ RRF (Resource Recovery Facliity) ലേക്ക് കൊണ്ടു പോകുന്നതിനുമാണ് തൊഴിലാളികൾക്ക് പ്രതിദിനം 300/- രൂപ വേതനം നൽകുന്നതിന് തുക അനുവദിച്ചിട്ടുള്ളതെന്ന് അറിയിച്ചു. അവണൂർ ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത് 2021 ഏപ്രിൽമാസത്തിലാണ്. പ്രാരംഭ ഘട്ടത്തിൽ ആകയാൽ വീട്ടുകളിൽ നിന്നും കടകളിൽ നിന്നും ലഭിക്കുന്ന യൂസർ ഫീയിൽ കുറവ് സംഭവിച്ചിട്ടുണ്ടെന്നും ആയത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു.

ജൈവ മാലിന്യങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ, മറ്റ് അജൈവ മാലിന്യങ്ങൾ എന്നിവയുടെ ശാസ്ത്രീയ സംസ്കരണം സംബന്ധിച്ച് ബോധവത്ക്കരണം നടത്തുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനം ഗ്രാമപഞ്ചായത്തിലെ എല്ലാ വീട്ടുകളിലേക്കും സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനും അപ്രകാരം ഹരിതകർമ്മസേന സാമ്പത്തികമായി സ്വയം പര്യാപ്തത കൈവരിക്കുന്നതിനും സഹായകരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-31 ഭവനനിർമ്മാണം, ഭവനം വാസയോഗ്യമാക്കൽ - ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് ഭവന നിർമ്മാണം, വീട് വാസയോഗ്യമാക്കൽ എന്നീ പ്രൊജക്ടുകൾ പ്രകാരം ധനസഹായം അനുവദിച്ച ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

### 1-31-1 ലൈഫ് ഭവനനിർമ്മാണം-എസ്.സി. (പ്രൊജക്ട് നമ്പർ: 04/22)

നിർവ്വഹണ ഉദ്യോഗസ്ഥ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചൂലിശ്ശേരി

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ധനസഹായം |
|---|---|---|
| 1 | ലളിത | 2,00,000 |
| 2 | ഷീല പി.എ | 3,00,000 |
| 3 | കൊച്ചുമോൾ | 3,00,000 |

മേൽ പ്രവൃത്തി പൂർത്തീകരണ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31-2 ലൈഫ് ഭവനനിർമ്മാണം -ജനറൽ(സ്പിൽ ഓവർ) (പ്രൊജക്റ്റ് നമ്പർ:179/22)

നിർവ്വഹണ ഉദ്യോഗസ്ഥ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അവണൂർ

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ധനസഹായം |
|---|---|---|
| 1 | ജയൻ.പി.വി, പടിഞ്ഞാറ്റിൽ | 3,50,000 |

മേൽ പ്രവൃത്തി പൂർത്തീകരണ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31-3 വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കൽ (പ്രൊജക്റ്റ് നമ്പർ: 2/22)

നിർവ്വഹണ ഉദ്യോഗസ്ഥ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അവണൂർ

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ധനസഹായം |
|---|---|---|
| 1 | ജോളി, പാറയ്ക്കൽ വീട് | 25,000 |

മേൽ പ്രവൃത്തി പൂർത്തീകരണ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 തുക മുൻകൂർ നൽകിയിട്ടും മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (നമ്പർ - 63/21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| വൗച്ചർ നമ്പർ, തുക | 22101425/08.07.21 = 2,00,000 (മെയിന്റൻസ് ഫണ്ട് - റോഡിതരം) |

ഹോമിയോ ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോയ്ക്ക് മേൽ വൗച്ചർ പ്രകാരം 2,00,000/- രൂപ കൈമാറിയിട്ടുണ്ട്. ഫയലിൽ ലഭ്യമായ ടാക്സ് ഇൻവോയ്സുകൾ പ്രകാരം (എൽ.എഫ് 264/01/07.22- 64,943/-, എൽ.എഫ്.2864/26.03.22- 81,490/-) 1,46,433/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ച് സ്റ്റോക്കിലെടുത്തിട്ടുള്ളൂ. മുൻകൂർ നൽകിയ തുകയിൽ ബാക്കി 53,567/- രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്. ആയത് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കൈപ്പറ്റ് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-33 മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യ കേന്ദ്രം അവണൂർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്റ്റുകൾ പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്ന് മരുന്നുകൾ വാങ്ങുന്നതിനായി തുക കൈമാറിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായി നാളിതു വരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | 1 | 2 |
|---|---|---|
| പ്രോജക്റ്റിന്റെ പേരും നമ്പരും | പ്രാഥമികാരോഗ്യകേന്ദ്രത്തിൽ മരുന്ന് വാങ്ങിക്കൽ (പ്രൊജ.നം. 153/22) | സാന്ത്വന പരിചരണം (പ്രൊ.നം. 250/22) |
| മരുന്നുവാങ്ങുന്നതിനായി കൈമാറിയ തുക | ₹1,93,140/- | ₹1,05,712/- |
| വൗച്ചർനം./തീയതി | 22101614/23-02-22 -₹1,64,558/- (മെയിന്റൻസ് ഗ്രാന്റ് നോൺ റോഡ്)<br>22101224/28-02-22 - ₹28,582/- (തനത് ഫണ്ട്) | 22101499 /12-11-21 - ₹1,05,712/- വികസനഫണ്ട് -ജനറൽ |
| നാളിതു വരെ ലഭ്യമാക്കിയ | ₹1,64,558/- | ₹93,576/- |

| | | |
|---|---|---|
| മരുന്നുകളുടെ മൂല്യം | | |
| ഇനി ലഭിക്കാനുള്ള മരുന്നുകളുടെ മൂല്യം | ₹28,582/- | ₹12,136/- |

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകളുടെ കൈപ്പറ്റ് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 05/19.10.22)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെപേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 19000 | തരിശ്ശുനിലത്തിൽ നെൽകൃഷി ചെയ്യുന്നതിന് ധനസഹായം | 19000 | 0 |
| | 2021-22 | 83000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് നൽകൽ | 83000 | |
| | 2021-22 | 50000 | ക്ഷീരസഹകരണസംഘങ്ങളിൽ പാൽഅളക്കുന്ന ക്ഷീരകർഷകകർക്ക് പാലിന് സബ്സിഡി | 50000 | 0 |
| | 2021-22 | 250000 | ലൈഫ് ലിസ്റ്റിൽഉൾപെട്ട ഭൂരഹിതർക്ക് ഭൂമി വാങ്ങൽ(ജനറൽ) | 250000 | 0 |
| ജില്ലാ പഞ്ചായത്ത് (ഒബി.1675365) | 2021-22 | 200000 | അനുപൂരക പോക്ഷകാഹാര പദ്ധതി | 200000 | 0 |
| | 2021-22 | 250000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് നൽകൽ | 250000 | 0 |
| | 2021-22 | 37996 | ഭിന്നശേഷിക്കാരായവർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർവിതരണം ചെയ്യൽ | 37996 | 0 |
| | 2021-22 | 150000 | ക്ഷീരസഹകരണസംഘങ്ങളിൽപാൽ അളക്കുന്ന ക്ഷീരകർഷകകർക്ക് പാലിന് സബ്സിഡി | 150000 | 0 |
| | 2021-22 | 99903 | സാന്ത്വന പരിചരണം | 99903 | 0 |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 58100 | കോവിഡ് സ്പെഷ്യൽപ്രോജക്റ്റ് | 58100 | 0 |
| | 2021-22 | 366596 | തങ്ങാലൂർകോളങ്ങാട്ടുകര തോട് നവീകരണം | 366596 | 0 |
| | 2021-22 | 316513 | വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് | 316513 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസിയുടെ പേര് | പ്രവൃത്തിയുടെ പേര് | വൌച്ചർ നം/ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22100388 22.6.21 22101022 4.1.22 | 100000 | 100000 | 0 |
| GWD | വേളക്കോട് താത്തോത്ത് കോളനി കുടിവെള്ള പദ്ധതി | 22101550 14.1.22 | 63000 | 63000 | 0 |
| GWD | ജലധാര കുടിവെള്ള പദ്ധതി മെയിൻറനൻസ് | 22101144 4.2.22 22101050 17.1.22 | 1135000 | 1135000 | 0 |
| GWD | ഇത്തപ്പാറ കുടിവെള്ള പദ്ധതി ശേഷിക്കുന്ന തുക നൽകൽ | 22101281 19.3.22 | 320000 | 320000 | 0 |
| GWD | അംബേദ്ക്കർ മുത്തൻമുത്തി അമ്പലം കുടിവെള്ള പദ്ധതി ശേഷിക്കുന്ന തുക നൽകൽ | 22101411 31.3.22 | 320000 | 320000 | 0 |
| GWD | തേർക്കിൽ അമ്പല പരിസരം ബോർവെൽ നിർമ്മാണം ശേഷിക്കുന്ന തുക നൽകൽ | 22101412 31.3.22 | 40000 | 40000 | 0 |
| GWD | കാരോർ കുടിവെള്ള പദ്ധതി ശേഷിക്കുന്ന തുക നൽകൽ | 22101280 14.3.22 | 20000 | 20000 | 0 |
| GWD | പഞ്ചമി കുടിവെള്ള പദ്ധതി ശേഷിക്കുന്ന തുക നൽകൽ | 22101278 14.3.22 | 300000 | 298150 | 1850 |
| GWD | പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതി ശേഷിക്കുന്ന തുക നൽകൽ | 22101282 14.3.22 22101283 14.3.22 | 458000 | 457904 | 96 |
| GWD | കാരോർ മൈത്രി | 22101277 | 65000 | 62512 | 2488 |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി ശേഷിക്കുന്ന തുക നൽകൽ | 14.3.22 | | | |
| GWD | യംങ് സ്റ്റാർ കുടിവെള്ള പദ്ധതി ശേഷിക്കുന്ന തുക നൽകൽ | 22101276 14.3.22 | 7000 | 6473 | 527 |
| GWD | കണ്ടിലങ്ങാടി കുടിവെള്ള പദ്ധതി | 22101274 14.3.22 22101415 31.3.22 | 800000 | 800000 | 0 |
| GWD | ഒ.പി പരിസരം കുടിവെള്ള പദ്ധതി | 22101413 31.3.22 | 532500 | 532500 | 0 |
| GWD | ആൽത്തറ മഹാഔഷധി കുടിവെള്ള പദ്ധതി | 22101276 14.3.22 22101414 31.3.22 | 876000 | 876000 | 0 |
| KSEB | സ്ട്രീറ്റ് മെയിൻഎക്സ്റ്റൻഷൻ | 22101491 1.11.21 | 1031700 | 842267 | 189433 |
| GWD | ഒ.പി പരിസരം കുടിവെള്ള പദ്ധതി | 22101535 30.12.21 22101677 27.3.22 | 350000 | 350000 | 0 |
| GWD | പാനോർക്കാവ് കുടിവെള്ള പദ്ധതി | 22101524 2012.21 22101677 27.3.22 | 400000 | 400000 | 0 |
| GWD | നവകേരളം കുടിവെള്ള പദ്ധതി | 22101575 7.2.22 | 550000 | 550000 | 0 |
| GWD | ചിറ്റാട്ടുകര പോസ്റ്റ് ഓഫീസ് കുടിവെള്ള പദ്ധതി | 22101692 30.3.22 | 500000 | 500000 | 0 |
| KSEB | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ രണ്ടാംഘട്ടം | 22101553 17.1.22 22101578 9.2.22 | 639768 | 639768 | 0 |
| GWD | എ.കെ.ജി കുടിവെള്ള പദ്ധതി വാർഡ് 14 | 22101322 24.3.22 | 150000 | 115000 | 35000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെപേര്/ ഉദ്ദേശ്യം | ഉത്തരവ്നം./ തിയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷംതിരിച്ചടച്ചതുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഭവന പദ്ധതി (രാജീവ് ഗാന്ധി) ജില്ലാ സഹകരണ ബാങ്ക്, പെരിങ്ങണ്ടൂർ | 205/DB /15/LSGD Dt 26/08/2015 | 14715060 | 6500000 | 15000000 | 727355 | 4940591 (2020-21 വർഷത്തിൽ പലിശ കൂടുതൽ (59409) അടവാക്കിയത് മുതൽ സംഖ്യയിൽ വരവ് വച്ചു. |

## 4-5 സ്ഥിര നിക്ഷേപം

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 20573 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 | |
| 3 | ആകെ | 20573 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20573 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | | എൻഡോവ്മെന്റ് നൽകുന്നതിന് വേണ്ടി നിക്ഷേപിക്കപ്പെട്ട തുക ജില്ലാ സഹകരണ ബാങ്ക് | 20573 |

## 4-6 ഓഡിറ്റ് റിക്കവറി

2021-22 വാര്ഷികകണക്ക പ്രകാരം 47,142 ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവുണ്ട്. എന്നാൽ ആയതിന്റെ വിശദംശങ്ങൾ ലഭിച്ചിട്ടില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (ഈ വിവരം പഞ്ചായത്തിനോട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും "ഇല്ല" എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള വിവരം അതേപടി താഴെ ചേർക്കുന്നു.)

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2015-16 | 2-5(1)<br>2-5(2)<br>2-5(3) | 2016-17 | തൊഴിൽ നികുതി | വിവരം ലഭ്യമല്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,38,21,980 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,39,23,297 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,02,843 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 42,920/- | വിനു എൻ. പി.<br>അസി.സെക്രട്ടറി |
| 1-26 | 80,000/- | ഷീമ ഗംഗാധരൻ<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-27 | 79,923/ - | മാലിനി സി പി<br>ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്, |
| ആകെ | 2,02,843 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല.
(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1-23 | 42,920/- | വിനു എൻ. പി.<br>അസി. സെക്രട്ടറി | ഗീതാഞ്ജലി<br>കുഞ്ഞിക്കൽലൈൻ<br>അയ്യന്തോൾ<br>തൃശ്ശൂർ-680003 |
| 1-26 | 80,000/- | ഷീമ ഗംഗാധരൻ<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി | കാസിൽഡ<br>പ്രിയദർശിനി നഗർ<br>സെക്കന്റ് അവന്യൂ<br>അയ്യന്തോൾ പി.ഒ<br>തൃശ്ശൂർ-680003<br>9544050597 |
| 1-27 | 79,923/- | മാലിനി സി.പി<br>ഹെഡ്മിസ്ട്രസ്സ്,<br>ജി.യു.പി.എസ്, | മാലേയം,<br>റോസ് ഗാർഡൻ<br>തിരുവമ്പാടി പി.ഒ,<br>തൃശ്ശൂർ -680022<br>9447808232 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1. | 1996-97 | LFT9-365/97<br>Dt.15.6.98 | 21 | 23 (എ) (ബി),24, 25, 26,27, 28, 29,31, 33(1)(2), | |

| | | | | | |
|---|---|---|---|---|---|
| | | | | 34, 35, 37, 38, 39, 40, 41, 42, 43, 44, 45, 46 | |
| 2 | 1997-98 (വരവ്) | LFT12-1130/00 Dt.9.12.02/ 28.03.03 | 6 | 18, 19, 20, 21, 22, 23 | |
| 3 | 1998-99 (ചെലവ്) | LFT4-164/01 Dt.15/5/2001 | 28 | 5, 6, 8, 9, 10, 11, 12, 13, 14, 16, 17, 18, 19, 23, 24, 25, 27, 28, 29, 30, 31, 32, 34, 36, 37, 38, 39, 40 | |
| 4 | 1998-99(വരവ്) | LFT12-1131/02 Dt.3-12-02/ 28-3-03 | 4 | 18, 19, 20, 21 | |
| 5 | 1999-00 (ചെലവ്) | LFT12-921/03 Dt.15.11.03/13.01.04 | 10 | 4, 6, 7, 8, 10, 11, 12, 13, 15, 16 | |
| 6 | 2000-01, 2001-02 (ജനകീയാസൂത്രണം) | LFT12-1574/03 Dt.19.02.04 | 3 | 5, 6, 7 | |
| 7 | 2000-01 | LFT12-242/06 Dt.4.8.06/8.12.06 | 10 | 2-2, 2-3, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4 | |
| 8 | 2001-02 (വരവ്-ചെലവ്) | LFT12-405/06 Dt.17-7-06/ 8-12-06 | 6 | 2-1, 2-2, 2-3, 3-1, 3-2, 3-3 | |
| 9 | 2002-03 | LFT12-774/06 Dt.7-10-06 | 6 | 2-2, 2-3, 3-2, 3-6, 3-8(എ), 3-9 | |
| 10 | 2003-04 | LFT12-2852/06 Dt.18-5-07/ 9-11-07 | 8 | 3-2(10820 രൂപയുടെ തടസ്സം നിലനിർത്തുന്നു, 40980/-തടസ്സം ഒഴിവാക്കി), 3-3, 3-4, 3-6, 3-7, 3-8, 3-9, 3-12 | |
| 11 | 2004-05 | LFT12-1795/08 Dt.29.5.2010 | 1 | 3-2 | |
| 12 | 2005-06 | LFT12-1799/08 Dt.22.6.2010 | 8 | 2-1, 3-1എ,ബി, 3-3, 3-6, 3-7, 3-8, 3-9ബി, 3-10എ,ബി | |

| | | | | | |
|---|---|---|---|---|---|
| 13 | 2006-07 | LFTP6-234/11 Dt.29.11.11/ 10.01.2012 | 8 | 3-2, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10 | |
| 14 | 2007-08 | LFTP6-235/11 Dt.29.11.11 | 19 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-13, 3-14(1), 3-15, 3-16, 3-17, 3-18 | |
| 15 | 2008-09 | LFT(P3)-2119/11 Dt.28/2/2012 | 4 | 2-1 (2),(3), 3-4, 3-5, 3-6(1),3-6(2) | |
| 16 | 2009-10 | LFT(P3)-2120/2011 Dt.28/2/12 | 4 | 2-1 (4), 2-1(5), 3-4, 3-5, 3-6(4), 3-6(6) | |
| 17 | 2010-11 | LFT(P3)2121/2011 Dt.28/02/2012 | 12 | 2-1(1), 2-1(2), 2-2, 2-3, 2-4, 2-5, 3-3, 3-4(6924/-, 11914/-,24977/-uc കിട്ടിയില്ല) 3-5, 3-6, 3-7, 3-8, 3-9 | |
| 18 | 2011-12 | LFT(P3)-1264/13 Dt.5.12.2013 | 20 | 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4(8,13 ഒഴികെയുള്ളവ) 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16 | |
| 19 | 2012-13 | LFTP3-2170/13 Dt.11/02/2014 | 12 | 2-1, 3-1, 3-2, 3-3, 3-4(എ), 3-4(ബി), 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 | |
| 20 | 2013-14 | KSATSR(P3)1953/14 Dt.14.7.15/13.10.15 | 17 | 2-1, 2-2, 2-3, 2-4, 2-5, 2-7, 2-8, 3-1, 3-2, 3-3, 3-4, 3-5(1 മുതൽ 8 വരേയും 11 മുതൽ 14വരേയും), 3-6, 3-7, 3-8, 3-10, | |

| | | | | | |
|---|---|---|---|---|---|
| | | | | 3-11 | |
| 21 | 2014-15 | KSATSR(P3)632/16 Dt.26/5/16 | 14 | 2-3, 2-4, 2-5, 3-2, 3-3, 3-4, 3-5, 3-6, 3-8, 3-10, 3-11, 3-12, 3-13, 3-14 | |
| 22 | 2015-16 | KSATSR(P3)2103/16 Dt.17/12/2016 | 15 | 2-2, 2-3, 2-5, 2-7, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-22, 3-23, 3-25, 3-26 | 2-5 (CAR) |
| 23 | 2016-17 | KSATSR(P3)1371/17 Dt.10.11.17/23.11.17 | 13 | 2-6-1 (3,6,7,10), 2-6-2, 2-7(4, 5, 8, 9, 10, 12, 16, 17, 19, 21, 23), 2-8(2,3),2-9(1,2,3), 3-1, 3-2, 3-3, 3-4, 3-5, 3-7, 3-14, 3-15 | |
| 24 | 2017-18 | KSATSR(P3)1807/18 Dt.1.12.18/7.12.18 | 9 | 1-12, 2-1, 2-2, 2-3(3), 2-4(2,3), 3-1, 3-3, 3-7, 3-11 | |
| 25 | 2018-19 | KSATSR (P3) 293/2020 Dt. 30.04.2020 | 25 | 1-9, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-31, 1-32, 1-34, 1-35, 1-36, 1-37, 3-1 | |
| 26 | 2019-20 | KSATSR (P2) 1501/2021 Dt. 20/04/2022 | 44 | 1-11-1, 1-11-2, 1-11-3, 1-11-4, 1-11-5, 1-11-6, 1-11-7, 1-11-8, 1-11-9, 1-11-10, 1-11-11, 1-11-12, 1-11-13, 1-11-14, 1-11-15, 1-11-16, 1-11-17, 1-11-18, 1-11-19, 1-11-20, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 3-1, 3-2 | |
| 27 | 2020-21 | KSATSR (P2)1502/2021 Dt. 20/04/2022 | 47 | 1-11, 1-11-1, 1-11-2, 1-11-3, 1-11-4, 1-11-5, 1-11-6, 1-11-7, 1-11-8, 1-11-9, 1-11-10, 1-11-11, 1-11-12, 1-11-13, 1-11-14, 1-11-15, 1-11-16, 1-11-17, 1-11-18, 1-11-19, 1-11-20, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 3-1, 3-2 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ അവണൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ അവണൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്